സ്വാമി ശരണം

ഡയറക്ടറാഫീസ്,
സാംസ്കാരിക-പുരാവസ്തു വിഭാഗം
തിരുവനന്തപുരം

നം.46/16/സിഎ 2. 23 .08.2016.

സൂചന: ദേവസ്വം ബോർഡ് ആഫീസിലെ 21/11/2015-ലെ ആർ.ഒ..സി.11601/13/സിഎ നമ്പർ ഉത്തരവ്.

## ക്വട്ടേഷൻ

ശ്രീചിത്രാഹിന്ദുമത ഗ്രന്ഥശാലയിലും, പമ്പ, ശബരിമല ബുക്ക് സ്റ്റാളിലും സൂക്ഷിച്ചിട്ടുള്ള 2014, 2015 വർഷങ്ങളിലെ ഡയറി, പോക്കറ്റ് ഡയറി, ഉപയോഗ ശൂന്യമായ പുസ്തകങ്ങൾ, പഴയ പത്രമാസികകൾ എന്നിവ നീക്കം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് കൊള്ളുന്നു.

ഓരോ ഐറ്റത്തിനും കിലോ ഗ്രാം ഒന്നിന് നിരക്ക് രേഖപ്പെടുത്തി സീൽ ചെയ്ത ക്വട്ടേഷനുകൾ 2016 ആഗസ്റ്റ് മാസം 31 -ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി ഡയറക്ടർ, സാംസ്കാരിക- പുരാവസ്തു വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, തിരുവനന്തപുരം-695 003 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. ക്വട്ടേഷനുകൾ അന്നേദിവസം 3 മണിക്ക് ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം 10,000/- രൂപയുടെ നിരതദ്രവ്യം ക്യാഷ് ആയോ സാംസ്കാരിക- പുരാവസ്തു വിഭാഗം ഡയറക്ടറുടെ പേരിൽ ഡി.ഡി. ആയോ ഹാജരാക്കേണ്ടതാണ്.

ഡയറി, പോക്കറ്റ് ഡയറി, ഉപയോഗ ശൂന്യമായ പുസ്തകങ്ങൾ, പഴയ പത്രമാസികകൾ എന്നിവയ്ക്ക് പരമാവധി തുക ക്വാട്ട് ചെയ്ത ആളിന്റെ പേരിൽ കുത്തക അംഗീകരിക്കുന്നതിന് ബോർഡിലേക്ക് ശുപാർശ ചെയ്യുന്നതിനും, ക്വട്ടേഷൻ ബോർഡിൽ നിന്നും അംഗീകരിച്ച് വരുന്ന മുറയ്ക്ക് 200/- രൂപ മുദ്രപത്രത്തിൽ ഉടമ്പടി വച്ച് കരാറിൽ ഏർപ്പെടേണ്ടതാണ്. ഈ ആഫീസിൽ നിന്നും നിർദ്ദേശം കിട്ടുന്ന മുറയ്ക്ക് ക്വട്ടേഷനറുടെ ചുമതലയിൽ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ ടി ഐറ്റങ്ങൾ തൂക്കി എടുത്ത് പണമടച്ച് ബോദ്ധ്യപ്പെട്ട് സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും ഒരു ഐറ്റം മാത്രം കൊണ്ട്പോകുവാൻ അനുവദിക്കുന്നതല്ല.

ഡയറി, പോക്കറ്റ് ഡയറി, ഉപയോഗ ശൂന്യമായ പുസ്തകങ്ങൾ, പഴയ പത്രമാസികകൾ എന്നിവ നീക്കം ചെയ്യുന്നതിന് ഈ ആഫീസിൽ നിന്നും നിർദ്ദേശം ലഭിച്ച ശേഷം യഥാക്രമം സാധനങ്ങൾ മാറ്റിയില്ലെങ്കിൽ താമസം വരുന്ന ഓരോ ദിവസത്തിനും 100/- രൂപ പിഴ ഈടാക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടർ, സാംസ്കാരിക- പുരാവസ്തു വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, തിരുവനന്തപുരം, ഫോൺ: 0471 – 2319845 എന്ന നമ്പരിലും www.travancoredevaswomboard.org എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും ഡിപ്പാർട്ട്മെന്റിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

23/8/16

ഡയറക്ടർ.

പകർപ്പ്; ഇ.ഡി.പി. സെക്ഷന് നൽകിയിരിക്കുന്നു.

അ.23.08.